(സി) അപവാദ പ്രചരണത്തിനും ലൈംഗികകഥകളും മറ്റും പ്രചരിപ്പിക്കുന്നതിന് വേണ്ടി മാത്രമുള്ള പ്രസിദ്ധീകരണങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഇത്തരം പ്രസിദ്ധീകരണങ്ങളെ തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചില പ്രസിദ്ധീകരണങ്ങളിൽ വ്യക്തികളെ തേജോവധം ചെയ്യുന്ന ലേഖനങ്ങളും മറ്റും പ്രസിദ്ധീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഇത് പരിശോധിച്ച് പ്രസ്തുത പ്രസിദ്ധീകരണങ്ങൾക്കെതിരെ നടപടിയെടുക്കാൻ ന്യൂസ് പേപ്പർ രജിസ്ട്രാർ, പ്രസ് കൗൺസിൽ, സംസ്ഥാന ആഭ്യന്തര വകുപ്പ് എന്നിവയോട് അഭ്യർത്ഥിക്കുന്നതാണ്.

മറുനാടൻ മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

84 (2948) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറുനാട്ടിൽ കഴിയുന്ന മലയാളികളുടെ സംഖ്യ എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഏറ്റവും കൂടുതൽ മറുനാടൻ മലയാളികൾ ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ;

(സി) മലയാളികൾക്ക് ഭാഷാന്യൂനപക്ഷപദവി എല്ലാ സംസ്ഥാനങ്ങളിലും ഉറപ്പാക്കിയിട്ടുണ്ടോ ;

(ഡി) തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ നിയമസഭാംഗങ്ങൾ ഉൾപ്പെട്ട കേരള മാതൃകയിലുള്ള ഭാഷാന്യൂനപക്ഷ സംരക്ഷണ കമ്മിറ്റി നിലവിലുണ്ടോ ;

(ഇ) ഈ കമ്മിറ്റി നിലവിലില്ലാത്ത സംസ്ഥാനങ്ങളിൽ അതിന് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) മലയാള ഭാഷാ പഠനത്തിന് ഹൈസ്കൂൾ തലത്തിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ സൗകര്യം ഉറപ്പാക്കിയിട്ടുണ്ട് ;

(ജി) അന്യ സംസ്ഥാനങ്ങളിലെ മലയാളി സംഘടനകളുടെ ആവശ്യങ്ങളും നിവേദനങ്ങളും യഥാസമയം പരിഗണിക്കാനും പരിഹരിക്കാനും പുതിയ സംവിധാനമേർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മറുനാട്ടിൽ കഴിയുന്ന മലയാളികളുടെ കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. അതിനാൽ ഏറ്റവും കൂടുതൽ മലയാളികളുള്ള സംസ്ഥാനങ്ങൾ ഏതെല്ലാമാണെന്ന് നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) സംസ്ഥാനത്തെ ജനസംഖ്യയുടെ ഒരു ശതമാനമോ അതിൽ കൂടുതലോ ന്യൂനപക്ഷ ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്ക് ഭാഷാ ന്യൂനപക്ഷ പദവി നൽകാൻ വ്യവസ്ഥയുണ്ട്. അതുപ്രകാരം പോണ്ടിച്ചേരി, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ മലയാളം സംസാരിക്കുന്ന ജനവിഭാഗത്തിന് ന്യൂനപക്ഷ പദവി നൽകിയിട്ടുണ്ട്.

(ഡി&ഇ) വിവരം ലഭ്യമല്ല. അതാത് സംസ്ഥാന സർക്കാരുകളാണ് ഇതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടത്.

(എഫ്) സർക്കാർ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. മറ്റു സംസ്ഥാന സർക്കാരുകൾ സ്വീകരിച്ച നടപടിയെക്കുറിച്ചുള്ള വിവരം ലഭ്യമല്ല.

(ജി) പ്രവാസി മലയാളികളുടെ ക്ഷേമകാര്യങ്ങൾ നടപ്പിലാക്കുന്നതിന് രൂപീകരിച്ച വകുപ്പാണ് നോർക്ക. മറുനാടൻ മലയാളികളെയും പ്രവാസി മലയാളികളായി അംഗീകരിച്ചിട്ടുണ്ട്. അവരുടെ ആവശ്യങ്ങളും നിവേദനങ്ങളും നോർക്ക വകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

യു.എസ്., ജർമ്മനി മുതലായ രാജ്യങ്ങളിലെ പ്രവാസി മലയാളികൾ

85 (2949) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽനിന്ന് യു.എസ്., ജർമനി, കാനഡ, ആസ്ട്രേലിയ, സൗദി അറേബ്യ, യു. എ. ഇ. എന്നീ രാജ്യങ്ങളിൽ ഓരോന്നിലും എത്ര പ്രവാസി മലയാളികൾ പണിയെടുക്കുന്നുവെന്ന് അറിയിക്കാമോ ; അവരിൽ വിവിധ രാജ്യങ്ങളിൽ പൂർണ്ണ പൗരത്വം ലഭിച്ചിട്ടുള്ളവർ എത്രയെന്ന് അറിയിക്കാമോ ;

(ബി) ഇവർക്ക് ഇരട്ട പൗരത്വം നൽകുന്നതിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ;

(സി) അനുകൂല നിലപാടാണെങ്കിൽ അത് കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ സമ്മർദ്ദം ചെലുത്തുമോ ?

ഉത്തരം

(എ) കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly